# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 464 06.02.2014-ൽ മറുപടിയ്ക്ക്

## അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ.അസീസ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പല പേരുകളിൽ സ്ഥാപനങ്ങൾ തുടങ്ങി പൊതുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്ന അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് ആഭ്യന്തരവകുപ്പ് കൈക്കൊള്ളുന്നത്; | (എ) അനധികൃത സാമ്പത്തിക സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 18.12.2009-ലെ സർക്കുലർ നം.52/09 പ്രകാരം സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ സ്ഥിരമായി ഏർപ്പെടുന്ന വ്യക്തികളെയും, സ്ഥാപനങ്ങളെയും KAAP Act-ന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങളിന്മേൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 420 പോലുള്ള വകുപ്പ് അനുസരിച്ചും, The Kerala Money Lenders Act,1958-ലെ വകുപ്പുകളനുസരിച്ചും, Prize Chits and Money Circulation(Banning) Act, 1978-ലെ സെക്ഷൻ 3 അനുസരിച്ചും, Drugs and Magic Remedies (Objectionable Advertisement) Act, 1954-ലെ സെക്ഷൻ 2(1) (C) r/w 7 എന്നിവ പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. |
| (ബി) തട്ടിപ്പിനിരയായവർ പരാതി നൽകിയതിനുശേഷം മാത്രം അന്വേഷണം നടത്തുന്ന പതിവുരീതിക്ക് പകരമായി ഇത്തരത്തിൽ സാമ്പത്തികം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ നിയമാനുസരണമായാണോ പ്രവർത്തിക്കുന്നത് എന്ന് ആഭ്യന്തര വകുപ്പ് പരിശോധിക്കാറുണ്ടോ;<br>(സി) ഇല്ലെങ്കിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന ഇത്തരം സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് ആഭ്യന്തരവകുപ്പ് നിർദ്ദേശം നൽകുമോ? | (ബി) & (സി) സാമ്പത്തിക സ്ഥാപനങ്ങൾ നിയമാനുസൃതമായാണോ പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തുന്നതിനായി രഹസ്യ നിരീക്ഷണവും റെയ്ഡുകളും, മറ്റ് പരിശോധനകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ